"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് - ബൗദ്ധിക ഭിന്നശേഷിയുള്ള ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് യാത്രാബത്തയ്ക്ക് പകരം ഈ തുക ഹോസ്റ്റൽ ബത്തയായി അനുവദിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.117/2025/LSGD തീയതി,തിരുവനന്തപുരം, 13-01-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.1394/2023/LSGD; തീയതി 07.07.2023
3. പാരന്റ്സ് അസോസിയേഷൻ ഫോർ ഇന്റലെക്ച്ചലി ഡിസേബിൾഡ് (PAID Kerala) കേരള സംസ്ഥാന പ്രസിഡന്റിന്റെ 25.01.2024ലെ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.07.2024ലെ LSGD/PD/12680/2024-EMP4 നമ്പർ കത്ത്.

**ഉത്തരവ്**

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് അനുവദിക്കുന്നതിന് പരാമർശിത മാർഗ്ഗരേഖയിലെ 7.1.6 (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡികകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത, പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള വാർഷിക ബത്ത, ഡേ സ്കോളർക്ക് പ്രതിമാസ യാത്രാബത്ത, ഉല്ലാസ യാത്രയ്ക്കുള്ള ബത്ത എന്നിവ ഉൾപ്പടെ 28500 രൂപയാണ് പ്രതിവർഷം പരമാവധി നൽകാവുന്നത്.

2. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുകയുടെ ഭാഗമായി യാത്ര ബത്തയായി അനുവദിച്ചിട്ടുള്ള 12000 രൂപ, ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് നൽകുന്നില്ല എന്നും, അനാഥരായവരോ, കുടുംബത്തിലെ സാമ്പത്തിക ബുദ്ധിമുട്ട് കാരണമോ ആണ് ഹോസ്റ്റലിൽ താമസിക്കുന്നത് എന്നതിനാൽ ബൗദ്ധിക ഭിന്നശേഷിക്കാരിൽ യാത്ര ചെയ്യുന്നവർക്ക് യാത്ര ബത്തയും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ഹോസ്റ്റൽ ബത്ത ആയും മേൽ തുക അനുവദിക്കണമെന്നും PAID കേരള സംസ്ഥാന പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. വീട്ടിൽ നിന്നും സ്കൂളിലേയ്ക്ക് പോകുന്ന കുട്ടികൾക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ (ഡേ സ്കോളർ) യാത്രാ ബത്ത അനുവദിയ്ക്കാമെന്നാണ് മാർഗ്ഗരേഖയിൽ പറയുന്നത് എന്നും,

ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് പരാമർശമില്ല എന്നും, അത് പ്രകാരം ഹോസ്റ്റലിൽ താമസിച്ച് സ്കൂളിൽ പോകുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിൽ യാത്രാ ബത്ത/ ഹോസ്റ്റൽ ബത്ത അനുവദിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ ഹോസ്റ്റലിൽ താമസിച്ചു പഠിക്കാൻ പ്രേരിതരാകുന്നത് അനാഥത്വം കൊണ്ടോ, സ്വന്തം വീടുകളിലെ പ്രതികൂല സാഹചര്യം മൂലമോ, പുനരധിവാസ സ്ഥാപനങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങളിലുള്ള അപര്യാപ്തത കൊണ്ടോ, എല്ലായിടത്തും പരിപൂർണ പുനരധിവാസം സാധ്യമാക്കുന്ന സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ടോ കൂടിയാണ്. മാത്രമല്ല ശാസ്ത്രീയമായി പുനരധിവാസം സാധ്യമാക്കുന്ന രീതിയിൽ ബഡ്സ് സ്കൂളുകളും മറ്റും ഇനിയും പുരോഗമിക്കേണ്ട സാഹചര്യവുമുണ്ട്. ജീവിതശൈലി മാറ്റത്തിന് ഉതകുന്ന രീതിയിൽ തെറാപ്പിയും മറ്റു സാമൂഹികപിന്തുണയും ഉറപ്പുവരുത്തുന്നതിന് ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കുന്നവരുടെ മാതാപിതാക്കൾക്ക് ഹോസ്റ്റൽ ഫീസ് ഇനത്തിലും മറ്റുമായി വലിയ തുക ചെലവ് വരുന്നത് അവർക്ക് വലിയ ബാധ്യതയും ഉണ്ടാക്കുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ആർജ്ജിക്കുന്നതിന് മറ്റ് കുട്ടികളെപ്പോലെ തുല്യാവകാശമാണുള്ളത്. മേൽ വസ്തുതകൾ കണക്കിലെടുത്ത്, ബൗദ്ധിക ഭിന്നശേഷിയുള്ള കുട്ടികളുടെ ഹോസ്റ്റൽ വാസത്തിനായി രക്ഷിതാക്കൾക്കുണ്ടാകുന്ന ചെലവ് വിവരങ്ങളുടെ തെളിവ് സഹിതം അപേക്ഷകൾ ലഭ്യമാകുന്ന സാഹചര്യങ്ങളിൽ മാത്രം, ഇവർക്ക് യാത്രാബത്തയ്ക്ക് പകരമായി, തത്തുല്യമായ തുക ഹോസ്റ്റൽ ബത്തയായി അനുവദിച്ച് നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശിത മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 (ബി)/(സി) പ്രകാരമുള്ള അനുവദനീയമായ പരിധിയിൽ ധനസഹായം അധികരിക്കാനും പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. പ്രസിഡന്റ്, PAID കേരള, W/R- 16/335, Padathukattil ബിൽഡിംഗ്, ഹോസ്പിറ്റൽ ജം., മുളന്തുരുത്തി പി.ഒ - 682314
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാകളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 15-01-2025 12:40:57
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്